# മൗലിദാഘോഷം ബിദ്അത്തു തന്നെ

ശംസുദ്ദീൻ പാലത്ത്

? നബിദിനാഘോഷം പുത്തനാചാരമാണെന്ന് പറയാൻ കാരണമെന്ത്

= ഇസ്‌ലാമിൽ ഒരു കാര്യം പുണ്യമായി പരിഗണിക്കണമെങ്കിൽ അക്കാര്യത്തിൽ നബി(ﷺ)യുടെ കൃത്യമായ മാതൃകയുണ്ടായിരിക്കണം. നബിചര്യയിലുൾപ്പെടാത്തതും പിന്നീട് ഇസ്‌ലാമിന്റെ പേരിൽ കൂട്ടിച്ചേർത്തതുമായ നടപടികൾ മുഴുവനും ബിദ്അത്താണ്. അതുകൊണ്ടുതന്നെ നബിദിനവും ബിദ്അത്താണ്. നബി(ﷺ) പറഞ്ഞു: 'ആരെങ്കിലും നമ്മുടെ കാലത്തില്ലാത്തത് (ദീനിൽ) പ്രവർത്തിച്ചാൽ അത് തള്ളേണ്ടതാണ്' 'നമ്മുടെ ഈ കാര്യത്തിൽ (ദീനിൽ) വല്ലവനും വല്ലതും പുതുതായുണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്'' 'കാര്യങ്ങളിൽ ഏറ്റവും മോശമായത് മതത്തിൽ പുതുതായി ഉണ്ടാക്കിയവയാണ്. മതത്തിൽ പുതുതായി ഉണ്ടാക്കിയതെല്ലാം വഴികേടിലാണ്'.

? പൂർവികരൊക്കെ മൗലിദ് കഴിച്ചവരാണെന്നു പറയുന്നതോ

= പൂർവികർ എന്നാൽ സ്വഹാബികളും താബിഉകളും താബിഉത്താബിഉകളുമാണ്. അവരെയാണ് നബി(ﷺ) ഉത്തമതലമുറ എന്നു വിശേഷിപ്പിച്ചത്. അവരൊക്കെ മൗലിദ് കഴിച്ചവരാണെന്ന വാദം മൗലിദാഘോഷക്കാർക്കു തന്നെയില്ല. മൗലിദിന്റെ പോരിശ പറയുന്ന കൃതികളിലും പാട്ടുകളിലുമൊക്കെ മൗലിദാഘോഷം ഹിജ്റ മുന്നൂറിന്നു ശേഷം വന്നതാണെന്നു വ്യക്തമാക്കാറുണ്ട്. മൗലിദിനെ ന്യായീകരിക്കാൻ ശ്രമിച്ച പ്രസിദ്ധ പണ്ഡിതനായ ഇമാം സുയൂത്വി തന്നെ ഇമാം ഫാക്കിഹാനിയിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നത് കാണുക: 'പരിശുദ്ധഖുർആനിലോ നബി(ﷺ)യുടെ സുന്നത്തിലോ ഈ മൗലിദാഘോഷത്തിന് ഒരടിസ്ഥാനമുള്ളതായി ഞാനറിയുന്നില്ല. മതകാര്യങ്ങളിൽ മാതൃകായോഗ്യരായ പൂർവികരെ (സലഫുകളെ) പിന്തുടരുന്ന ആരും തന്നെ ഇത് പ്രവർത്തിച്ചതായി ഉദ്ധരിക്കപ്പെടുന്നില്ല. അടിസ്ഥാനരഹിതമായ പലതും കെട്ടിച്ചമച്ചുണ്ടാക്കുന്ന ചിലരുടെ നിർമ്മിതിയും ഏതോ തീറ്റക്കൊതിയന്മാരുടെ താൽപര്യമനുസരിച്ചുണ്ടാക്കിയ ബിദ്അത്തുമാണിത്' (അൽഹാവി ലിൽ ഫത്താവ 1/190,191)

ജൂതന്മാരുടെ പ്രേരണയാൽ ഇസ്‌ലാമിക വിശ്വാസത്തെ വികൃതമാക്കാൻ തയ്യാറായ, അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസങ്ങളെ തികച്ചും തള്ളിപ്പറഞ്ഞ ശിയാ വിഭാഗത്തിൽപ്പെട്ട ഖ്വാമിത്വുകൾ ആണ് ആദ്യമായി മൗലിദാഘോഷം കൊണ്ടുവന്നത്. ഹിജ്റ നാലാം നൂറ്റാണ്ടിൽ ഇസ്‌ലാമിന്റെ ശത്രുക്കൾ കൊണ്ടു വന്ന മാതൃകയാണോ അതല്ല, സ്വഹാബികളും താബിഉകളും ഉൾപ്പെടുന്ന ഉത്തമ തലമുറയിൽപ്പെട്ടവരുടെ മാതൃകയാണോ നാം പിന്തുടരേണ്ടത് എന്നു ചിന്തിക്കുക.

? നബി(ﷺ) ഖദീജാ ബീവിയുടെ മൗലിദ് കഴിക്കുകയും അന്ന് ആടിനെ അറുത്തു വിതരണം ചെയ്യുകയും ചെയതിരുന്നുവെന്ന് ബുഖാരിയിലുണ്ടല്ലോ

= ഖദീജാബീവി ജീവിച്ചിരുന്നപ്പോൾ ആടിനെയറുക്കുകയാണെങ്കിൽ അവർ അവരുടെ കൂട്ടുകാരികൾക്ക് മാംസമെത്തിക്കാറുണ്ടായിരുന്നു. അവർ മരിച്ച ശേഷവും അവരോടുള്ള സ്നേഹം കാരണമായി നബി(ﷺ) ആ പതിവ് നിലനിറുത്തുകയാണ് ചെയ്തത്. മരണപ്പെട്ട ബന്ധുക്കളുടെ കൂട്ടുകാരെ ആദരിക്കുന്നതിന്റെ ശ്രേഷ്ഠത പറയുന്നിടത്താണ് ഈ കാര്യം ഹദീഥ് ഗ്രന്ഥങ്ങളിൽ വിശദീകരിച്ചതു തന്നെ. എന്നാൽ അത് അവരുടെ ജന്മദിനത്തി ലായിരുന്നുവെന്നത് പുരോഹിതന്മാരുടെ നുണപ്രചാരണമാണ്. അങ്ങനെ ഹദീഥുകളിലൊന്നും

വന്നിട്ടില്ല. മാത്രമല്ല, അക്കാര്യം നേരിൽക്കണ്ട സ്വഹാബികളിലാരെങ്കിലും നബി(ﷺ)യുടേയോ മറ്റോ ജന്മദിനം ആഘോഷിച്ചിട്ടുണ്ടോ? ഇല്ല.

? നബി(ﷺ) ജനിച്ച സന്തോഷത്താൽ സുവൈബ എന്ന അടിമയെ മോചിപ്പിച്ചതിന്റെ പേരിൽ അബൂലഹബിന്ന് നരകത്തിൽ കൈവിരലുകൾക്കിടയിലൂടെ തണുത്ത പാനീയം കുടിപ്പിക്കപ്പെടും എന്നു പറയുന്നതോ

= അത് ഒരു കള്ളക്കഥയാണ്. ക്വുർആൻ പേരെടുത്ത് ശപിച്ച ഒരു വ്യക്തിക്ക് നരകത്തിൽ ഇളവു കിട്ടുന്നുവെന്നു പറയുന്നത് ശരിയല്ല. അവിശ്വാസിയായ അബൂലഹബിന് വെള്ളം കിട്ടുന്നുവെന്ന് അയാളുടെ ഒരു ബന്ധു സ്വപ്നം കണ്ടുവെന്നാണ് പറയുന്നത്. ഇത്തരം സ്വപ്നങ്ങൾ ദീനിൽ പ്രമാണമാകുമോ? ഇല്ല. മാത്രവുമല്ല, നബി(ﷺ) ഹിജ്റ പോയപ്പോൾ അതിലുള്ള സന്തോഷം നിമിത്തമാണ് അബൂലഹബ് സുവൈബയെ മോചിപ്പിച്ചതെന്ന കാര്യം വ്യക്തമാണു താനും. ക്വുർആൻ ശപിച്ച അബൂലഹബിൽ നിന്ന് മാതൃക കണ്ടെത്തി ഒരു ബിദ്അത്തിനെ സുന്നത്താക്കാൻ ശ്രമിക്കുന്നവരുടെ കാര്യ കഷ്ടം തന്നെ!

? നബിദിനം നല്ല ബിദ്അത്താണെന്നും അതുകൊണ്ട് അനുവദനീയമാണെന്നും വാദമുണ്ടല്ലോ

= ദീനിൽ എല്ലാ ബിദ്അത്തും വഴികേടാണെന്നും അവ നരകത്തിലേക്കാണെന്നും നബി(ﷺ) വ്യക്തമാക്കിയിട്ടുണ്ട്. നല്ലത്, ചീത്ത എന്നിങ്ങനെ വേർതിരിച്ചിട്ടില്ല. നല്ല ബിദ്അത്താണെന്നു പറഞ്ഞ് സ്വുബ്ഹ് നമസ്കാരം മൂന്നു റക്അത്താക്കാൻ പറ്റുമോ? ഓരോ നമസ്കാരത്തിലും റുകൂഇന്റേയോ സുജൂദിന്റേയോ എണ്ണം വർദ്ധിപ്പിക്കാൻ പറ്റുമോ? മദീനയിലേക്കോ ഫലസ്തീനിലേക്കോ കൂടി ഹജ്ജിനു വേണ്ടി പോകാൻ പറ്റുമോ? പാടില്ല. കാരണം ദീൻ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ഇനിയൊന്നും കൂട്ടിച്ചേർക്കാനോ എടുത്തു മാറ്റാനോ ആർക്കും അവകാശമില്ല.

? 'അല്ലാഹുവിന്റെ ഔദാര്യം കൊണ്ടും കാരുണ്യം കൊണ്ടും നിങ്ങൾ സന്തോഷിക്കുവിൻ' (10:58) എന്ന ആയത്തിലൂടെ അല്ലാഹുവിന്റെ കാരുണ്യമാകുന്ന നബി(ﷺ)യെക്കൊണ്ട് സന്തോഷിക്കണം എന്നു വന്നില്ലേ.

= ഈ ആയത്തിന്റെ തുടക്കം തന്നെ ജനങ്ങൾക്ക് കാരുണ്യമായി അവതരിപ്പിക്കപ്പെട്ട ക്വുർആനിനെ സംബന്ധിച്ചാണ്. അതായത് ക്വുർആൻ കൊണ്ട് സന്തോഷിക്കണം എന്നാണ് അതിന്റെ വിവക്ഷ. അല്ലാതെ ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ സ്വഹാബികളോ താബിഉകളോ ആരും തന്നെ നബിദിനം ആഘോഷിച്ചിട്ടില്ല. ആദ്യ മൂന്നു നൂറ്റാണ്ടുകളിലെ ആരും ഈ ആയത്തിൽ ഒളിഞ്ഞു കിടക്കുന്ന മൗലിദിന്റെ തെളിവ് കണ്ടില്ലെന്നാണോ മനസ്സിലാക്കേണ്ടത്?!

? തിങ്കളാഴ്ച നോമ്പ് സുന്നത്താക്കിയത് നബി(ﷺ) ജനിച്ചത് ആ ദിവസത്തിലായതു കൊണ്ടല്ലേ

= തിങ്കളാഴ്ചയാണ് നബി(ﷺ) ജനിച്ചത്. തിങ്കളാഴ്ചയാണ് നബി(ﷺ)ക്ക് വഹ്‌യ് ഇറങ്ങിത്തുടങ്ങിയതും. കർമങ്ങൾ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്ന ദിവസം എന്ന നിലയിൽ തിങ്കളാഴ്ച നോമ്പ് സുന്നത്താണ്. പട്ടിണികിടന്ന് നോമ്പനുഷ്ഠിച്ചത് സദ്യവിളമ്പലും ഘോഷയാത്രയുമൊക്കെയായുള്ള ആഘോഷത്തിന്റെ തെളിവാക്കുന്നത് അത്ഭുതം തന്നെ! മേൽ ഹദീഥുദ്ധരിച്ച സ്വഹാബികളോ ക്രോഡീകരിച്ച ഇമാം മുസ്‌ലിമോ മറ്റോ അതിന്റെ അടിസ്ഥാനത്തിൽ മൗലിദാഘോഷിക്കാമെന്ന് മനസ്സിലാക്കയിട്ടുമില്ല.

? മൗലിദാഘോഷം ശിർക്കാണോ?

= മൗലിദ് അടിസ്ഥാനപരമായി ബിദ്അത്താണ്. കുറ്റകരമായ നൂതനാചാരമാണ്. എന്നാൽ 'അല്ലാഹുവെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കാവൂ' എന്ന തൗഹീദിന്റെ തത്വത്തിനു വിരുദ്ധമായി നബി(ﷺ)യെ വിളിച്ചു പ്രാർത്ഥിക്കുന്ന ധാരാളം വരികൾ മൗലിദുമാലകളിലും ബൈത്തുകളിലും കാണാൻ കഴിയും. അത്തരം മൗലിദുമാലകൾ ചൊല്ലുന്നത് ശിർക്കാണെന്നതിൽ തർക്കമില്ല.

? മാലപ്പാട്ടുകളിലെ ശിർക്കിന് ഉദാഹരണം നൽകാമോ?

= നബി(ﷺ)യെ വിളിച്ചു പ്രാർത്ഥിക്കുകയും അല്ലാഹുവിന്റെ മാത്രം വിശേഷണങ്ങൾ നബി(ﷺ)ക്ക് വകവെച്ചു കൊടുക്കുന്നതുമായ നിരവധി ശിർക്കൻ വരികൾ മൗലിദ് കിത്താബുകളിൽ നിങ്ങൾക്ക് കാണാൻ കഴിയും.

ശർറഫൽ അനാം മൗലിദിൽ:

عبدك المسكين يرجوا فضلك الجم الغفير　　فيك قد أحسنت ظني يا بشير يانذير
فأغثني وأجرني يا مجير من السعير　　يا غياثي ياملاذي في ملمات الأمور

(നബിയേ, താങ്കളുടെ സാധുവായ ഈ അടിമ താങ്കളുടെ ഔദാര്യം കാംക്ഷിക്കുന്നു.......... അതിനാൽ നരകത്തിൽ നിന്നു രക്ഷിക്കുന്ന നബിയേ അങ്ങെന്നെ സഹായിക്കുകയും കാത്തുരക്ഷിക്കുകയും ചെയ്യേണമേ! ദുരിതങ്ങളിൽ എന്റെ സഹായമേ! അവലംബമേ!......)

അല്ലാഹുവോടു മാത്രമാണ് നരകമോചനം ചോദിക്കേണ്ടത് എന്ന കാര്യത്തിൽ സത്യവിശ്വാസികൾക്ക് സംശയമുണ്ടാവുകയില്ലല്ലോ?

فجد يا رسول الله منك برجمة　　لعبد أسير بالذنوب مسربل

(അല്ലാഹുവിന്റെ റസൂലേ പാപങ്ങളിൽ മുഴുകിയ ബന്ധിതനായ ഈ ദാസന്ന് അങ്ങയുടെ കാരുണ്യം കൊണ്ട് കനിഞ്ഞേകണേ!)

അല്ലാഹു മാത്രമാണ് പാപങ്ങൾ പൊറുക്കുന്നത് എന്ന വിശ്വാസത്തിന്നെതിരായി സുബ്ഹാന മൗലിദിൽ മുഹമ്മദ് നബിയെക്കുറിച്ച് പറയുന്ന കുഫ്റിന്റെ വരികൾ നോക്കൂ:

أنت غفار الخطايا　والذنوب الموبقات　　أنت ستار المساوي ................

(നബിയേ, താങ്കളാണ് വൻപാപങ്ങളും തെറ്റുകളും പൊറുക്കുന്നവൻ. താങ്കളാണ് അഖിലദോഷങ്ങളും മൂടി വെക്കുന്നവൻ)

സലാം ബൈത്തിൽ:

السلام عليك يا ماحي الذنوب　السلام عليك يا جالي الكروب

(തെറ്റുകൾ മായ്ച്ചു കളയുന്ന നബിയേ, താങ്കൾക്ക് സലാം. പ്രയാസങ്ങൾ നീക്കിത്തരുന്നവരേ താങ്കൾക്ക് സലാം)

മങ്കൂസ് മൗലിദിൽ:

يا سيد السادات جئتك قاصدا　أرجوا حماك فلا تخيب مقصدي

(നേതാക്കന്മാരുടെ നേതാവായ അങ്ങയെ ഉദ്ദേശിച്ചു കൊണ്ട് ഞാൻ വന്നിരിക്കുകയാണ് അങ്ങയുടെ സംരക്ഷണം ഞാൻ ആഗ്രഹിക്കുന്നു. എന്റെ ലക്ഷ്യം നേടുന്നതിൽ അങ്ങെന്നെ നിരാശപ്പെടുത്തരുതേ')

എത്ര ഗുരുതരമാണ് ഇത്തരം വരികളെന്ന് ചിന്തിച്ചു നോക്കൂ. അല്ലാഹു പറയുന്നു: 'നിശ്ചയം, പള്ളികൾ അല്ലാഹുവിന്നുള്ളതാണ്. അതിനാൽ അല്ലാഹുവിന്റെ കൂടെ ഒരാളെയും നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കരുത്' (വിശുദ്ധ ഖുർആൻ 72:18)

**? നാരിയ സ്വലാത്ത് ചൊല്ലുന്നതിന്ന് വിരോധമുണ്ടോ**

= നബിദിനവുമായി ബന്ധപ്പെട്ട് പ്രത്യേകദിക്റുകളോ സ്വലാത്തോ ഒന്നും നബി(ﷺ) പഠിപ്പിച്ചിട്ടില്ല. സാധാരണ ചൊല്ലേണ്ട പുണ്യം ലഭിക്കുന്ന സ്വലാത്തിന്റെ ചെറിയ രൂപവും വലിയ രൂപവുമെല്ലാം നബി(ﷺ) പഠിപ്പിച്ചിട്ടുണ്ട്. നാരിയ സ്വലാത്തിലാകട്ടെ അല്ലാഹുവിന്റെ വിശേഷണങ്ങൾ നബി(ﷺ)ക്ക് വകവെച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. 'നബിയെക്കൊണ്ട് എല്ലാ കെട്ടുകളും അഴിയും. ദുരിതങ്ങൾ നീങ്ങും. ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടും. ആഗ്രഹങ്ങൾ സഫലീകരിക്കപ്പെടും.......' എന്നിങ്ങനെയുള്ള വരികളുള്ളതിനാൽ നാരിയ സ്വലാത്ത് ശിർക്കിലേക്കും അതു വഴി നരകത്തിലേക്കുമാണ് നയിക്കുക. താജുസ്സ്വലാത്തും കമാലിയ്യാ സ്വലാത്തുമടക്കം പുരോഹിതന്മാർ പഠിപ്പിക്കുന്ന മിക്ക സ്വലാത്തുകളും കടുത്ത അപകടവും ശിർക്കും നിറഞ്ഞവയാണ്. ശിർക്കിന്റെ വരികൾ ഉൾക്കൊള്ളുന്ന ഇത്തരം സ്വലാത്തുകളാണ് വിമർശിക്കപ്പെടേണ്ടത്.

**? അപ്പോൾ പെരുന്നാളല്ലാത്ത ഒരാഘോഷവും മുസ്‌ലിംകൾക്ക് പാടില്ലെന്നാണോ**

= പാടില്ല, രണ്ട് ആഘോഷങ്ങളാണ് മുസ്‌ലിംകൾക്ക് അല്ലാഹു നിശ്ചയിച്ചു തന്നിട്ടുള്ളത്. ഈദുൽ ഫിത്ത്വ്റും ഈദുൽ അദ്ഹയും. നബി(ﷺ) അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. പെരുന്നാളിന്റെ നിയമങ്ങളും നിബന്ധനകളും നിർബന്ധങ്ങളുമൊക്കെ നബി(ﷺ) കൃത്യമായി പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ മൗലിദാഘോഷത്തിന്റെ ശർത്വും ഫർദും എന്തൊക്കെയാണെന്ന്

വ്യക്തമാക്കാൻ ഇവർക്ക് കഴിയുമോ? ഏതു ഗ്രന്ഥത്തിലാണ് അത് കാണുക? അതൊരു ദീനീകാര്യമാണെങ്കിൽ ഇതൊക്കെ വിശദമാക്കാൻ മൗലിദുകാർക്ക് കഴിയേണ്ടതാണ്. പക്ഷേ ഒരിക്കലും ഇതൊന്നും തെളിയിക്കാൻ പുരോഹിതന്മാർക്ക് സാധിക്കുകയില്ല. അതുകൊണ്ടു തന്നെ 'നബിദിനം മുസ്‌ലിംകൾക്ക് പെരുന്നാളിനേക്കാൾ വലിയ ആഘോഷമാണ്' (രിസാല നബിദിനപ്പതിപ്പ് 1987) എന്നു പ്രചരിപ്പിക്കുന്നവർ ഗുരുതരമായ അബദ്ധം പ്രവർത്തിക്കുകയും പ്രവാചകനെ നിന്ദിക്കുകയുമാണ് ചെയ്യുന്നത്. നബി(ﷺ) പറഞ്ഞു: 'ആരെങ്കിലും എന്റെ പേരിൽ മന:പൂർവം വ്യാജം പറഞ്ഞാൽ അവർ നരകത്തിൽ ഒരു ഇരിപ്പിടം തയ്യാറാക്കിക്കൊള്ളട്ടെ' (സ്വഹീഹ് മുസ്‌ലിം). 'തനിക്ക് സന്മാർഗം വ്യക്തമായതിനു ശേഷം ആരെങ്കിലും റസൂലിനെ എതിർത്തു നിൽക്കുകയോ സത്യവിശ്വാസികളുടേതല്ലാത്ത മാർഗം സ്വീകരിക്കുകയോ ചെയ്താൽ അവൻ തിരിഞ്ഞ വഴിക്കു തന്നെ നാം അവനെ തിരിച്ചു വിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം' (വിശുദ്ധ ഖുർആൻ 4:115)

**? അപ്പോൾ പ്രവാചകനെ സ്നേഹിക്കാൻ മറ്റെന്താണു വഴി?**

= പ്രവാചകനെ സ്നേഹിക്കേണ്ടതെങ്ങനെയെന്ന് അദ്ദേഹം തന്നെ പഠിപ്പിച്ചിട്ടുണ്ട്. നബി(ﷺ) പറഞ്ഞു: 'എന്റെ ചര്യയെ സ്നേഹിച്ചവൻ എന്നെ സ്നേഹിച്ചു. എന്നെ സ്നേഹിച്ചവൻ എന്റെ കൂടെ സ്വർഗത്തിലായിരിക്കും' അതുകൊണ്ട് നമ്മുടെ ബാധ്യത നബിചര്യ വ്യക്തമായി പഠിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും അതിലേക്ക് ആളുകളെ ക്ഷണിക്കുകയും



ബിദ്അത്തുകൾ വർജ്ജിക്കുകയും ചെയ്യുക എന്നുള്ളതാണ്. നബി(ﷺ) പറഞ്ഞു: 'നിങ്ങളെ സ്വർഗത്തിലേക്കടുപ്പിക്കുന്ന ഒരു കാര്യവും ഞാൻ നിങ്ങളെ പഠിപ്പിക്കാതിരുന്നിട്ടില്ല. നിങ്ങളെ നരകത്തിൽ നിന്നകറ്റുന്ന ഒരു കാര്യവും പറഞ്ഞു തരാതെ പോയിട്ടില്ല' (ത്വബ്റാനി). ഖബ്ർ പൂജയോ ചന്ദനക്കുടമെടുക്കലോ ഉറൂസോ ചാവടിയന്തിരമോ കൂട്ടുപ്രാർത്ഥനയോ മീലാദാഘോഷമോ ഒന്നും നബി(ﷺ)യുടെ ചര്യയിൽപ്പെട്ടതല്ല. അങ്ങനെ എന്തെല്ലാം കാര്യങ്ങൾ സുന്നത്തിന്നെതിരായതുണ്ടോ അതെല്ലാം നാം വർജ്ജിക്കൽ നിർബന്ധമാണ്. ജീവിതത്തിന്റെ നിഖില മേഖലകളിലും പ്രവാചകന്റെ ചര്യയെന്താണെന്ന് പഠിക്കലും അത് പിന്തുടരലും നമ്മുടെ ബാധ്യതയാണ്. ബിദ്അത്തുകാരെ മുഴുവൻ ഹൗദുൽ കൗഥറിൽ നിന്ന് ആട്ടിപ്പായിക്കുമ്പോൾ സുന്നത്ത് അനുധാവനം ചെയ്തതിന്റെ പേരിൽ ഹൗദുൽ കൗഥറിൽ നിന്ന് കുടിക്കാനും സ്വർഗപ്രവേശനത്തിനും നരകമോചനത്തിനുമുള്ള മഹാഭാഗ്യം സർവശക്തൻ നമുക്കോരോരുത്തർക്കും ചൊരിയുമാറാകട്ടെ.